പള്ളുരുത്തി കളത്ര പാടത്തേക്ക് ചെരിഞ്ഞ സ്കൂൾവാൻ.

സ്കൂൾ വാൻ വെള്ളം നിറഞ്ഞ പാടത്തേക്കു ചെരിഞ്ഞു

പള്ളുരുത്തി: സ്കൂൾ വാൻ നിയന്ത്രണം വിട്ടു വെള്ളം നിറഞ്ഞ പാടത്തേക്ക് ചെരിഞ്ഞു. അപകടസമയത്ത് വാഹനത്തിൽ വിദ്യാർഥികൾ ഇല്ലാതിരുന്നതിനാൽ വൻദുരന്തം ഒഴിവായി.

പള്ളുരുത്തി കളത്രയിലെ സ്വകാര്യ സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്ന വാനാണ് ഇന്നലെ വൈകുന്നേരത്തോടെ നിയന്ത്രണംവിട്ട് കളത്ര പാടത്തേക്ക് ചെരിഞ്ഞത്. സ്കൂൾ വിട്ടതിനു ശേഷമുള്ള ആദ്യ ട്രിപ്പ് കഴിഞ്ഞു മടങ്ങുംവഴിയായതിനാൽ വാനിൽ പെരുമ്പടപ്പ് സ്വദേശിയായ ഡ്രൈവർ കനിയനും ജീവനക്കാരി ഷീബയും മാത്രമാണുണ്ടായിരുന്നത്. ഇവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. സ്റ്റീയറിംഗിന്റെ ബെയറിംഗ് തകർന്നതാണ് വാഹനം നിയന്ത്രണംവിടാൻ കാരണമെന്നു പറയുന്നു.

ഇടപ്പള്ളി സ്റ്റേഷനിൽ ട്രെയിൻ തട്ടി അംഗപരിമിതനു പരിക്ക്

കൊച്ചി: റെയിൽവേ പാളം മുറിച്ചു കടക്കുന്നതിനിടെ ട്രെയിൻ തട്ടി അംഗപരിമിതനായ യുവാവിനു പരിക്ക്. കൂനമ്മാവ് വടക്കേക്കോടിയിൽ സുപ്രന്റെ മകൻ സുനിലിനാണ് (46) പരിക്കേറ്റത്. ഇന്നലെ വൈകിട്ട് 5.30ന് ഇടപ്പള്ളി റെയിൽവേ സ്റ്റേഷന് സമീപത്തായിരുന്നു അപകടം.

ആലുവ ഭാഗത്തുനിന്ന് എറണാകുളത്തേക്ക് വരികയായിരുന്ന ട്രെയിൻ സിഗ്നൽ ക്ലിയറൻസിനായി ഇടപ്പള്ളി സ്റ്റേഷനിൽ നിർത്തിയിട്ടിരിക്കുകയായിരുന്നു. കാലിനു സ്വാധീനക്കുറവുള്ള സുനിൽ ഈസമയം ട്രാക്ക് മുറിച്ചുകടക്കാൻ ശ്രമിച്ചു. ഇതിനിടെ സിഗ്നൽ ക്ലിയറൻസ് കിട്ടി ട്രെയിൻ മുന്നോട്ടെടുത്തു. ട്രാക്ക് മറികടക്കാനായി വേഗത്തിൽ ശ്രമിക്കുന്നതിനിടെ സുനിലിന്റെ ദേഹത്ത് ട്രെയിൻ മുട്ടുകയായിരുന്നു. ട്രാക്കിന് വെളിയിലേക്കു വീണ ഇയാളുടെ കാലിന് ഗുരുതരമായി പരിക്കേറ്റു. സുനിലിനെ അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വിദേശി സ്വദേശി...

കേരളത്തിലെ കാലവർഷക്കാലത്തു പതിവു സന്ദർശനത്തിനെത്തിയ വിദേശികളായ വർണകൊക്കുകൾ തെരുവുനായയെ കണ്ട് അമ്പരന്നു നിൽക്കുന്നു. ചെല്ലാനം കണ്ടക്കടവിൽനിന്നുള്ള ദൃശ്യം -ബ്രില്യൻ ചാൾസ്

കൊച്ചി തുറമുഖത്തെ

പുതിയ ക്രൂയിസ് ടെർമിനൽ 2020ൽ യാഥാർഥ്യമാകും



കൊച്ചി തുറമുഖത്ത് നിർമിക്കുന്ന പുതിയ ക്രൂയിസ് ടെർമിനലിന്റെ രൂപരേഖ.

കൊച്ചി: കൊച്ചി തുറമുഖത്ത് 5000 വിനോദസഞ്ചാരികൾക്ക് വന്നിറങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെ നിർമിക്കുന്ന അത്യാധുനിക ക്രൂയിസ് ടെർമിനൽ 2020 ഫെബ്രുവരിയിൽ യാഥാർഥ്യമാകും. എറണാകുളം വാർഫിൽ നിർമിക്കുന്ന പുതിയ ടെർമിനലിന്റെ നിർമാണ ജോലികൾ ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡർ കരാറുകാരായ കൊച്ചിയിലെ കെ.വി.ജോസഫ് ആൻഡ് സൺസിന് നൽകിയതായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ എ.വി.രമണ പത്രക്കുറിപ്പിൽ അറിയിച്ചു.

25.72 കോടി രൂപ ചെലവിട്ടാണ് പുത്തൻ ടെർമിനൽ നിർമിക്കുന്നത്. ഇതിൽ 21.41 കോടി രൂപ കേന്ദ്ര ടൂറിസം മന്ത്രാലയം പ്രത്യേക ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. 2253 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള പുതിയ ടെർമിനലിൽ പാസഞ്ചർ ലൗഞ്ച്, ക്രൂ ലൗഞ്ച്, 30 എമിഗ്രേഷൻ കൗണ്ടറുകൾ, എട്ട് കസ്റ്റംസ് ക്ലിയറൻസ് കൗണ്ടറുകൾ, ഏഴ് സെക്യൂരിറ്റി ചെക്ക്അപ് കൗണ്ടറുകൾ, വൈഫൈ, ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടർ, ഡ്യൂട്ടി ഫ്രീ ഷോപ്പിംഗ് ഏരിയ, കൗതുകവസ്തുക്കൾ വിൽക്കുന്ന ഷോപ്പുകൾ, വൈദ്യസഹായം, പുസ്തകശാലകൾ, മിനി കോൺഫറൻസ് ഹാൾ, കളിയിടം, ബാങ്കിംഗ്, എടിഎം സർവീസുകൾ, വിദേശ കറൻസി എക്സ്ചേഞ്ച് കൗണ്ടർ, കഫേറ്റീരിയ, ലഗേജ് കൗണ്ടർ, ടോയ്‌ലറ്റുകൾ, പാർക്കിംഗ് സൗകര്യം, വീൽച്ചെയർ സൗകര്യം തുടങ്ങിയവ ഉണ്ടായിരിക്കും.

കൊച്ചി തുറമുഖത്തെ ബോട്ട് ട്രെയിൻ പിയർ ബർത്തിനോടും (ബിടിപി) ക്രൂയിസ് പാസഞ്ചർ ഫെസിലിറ്റേഷൻ സെന്ററായ സാമുദ്രികയോടും ചേർന്ന് 260 മീറ്റർ വരെ നീളമുള്ള ക്രൂയിസ് കപ്പലുകൾക്ക് വന്നടുക്കുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ളത്. എന്നാൽ 260 മീറ്ററിൽ കൂടുതൽ നീളമുള്ള ക്രൂയിസ് കപ്പലുകൾ എറണാകുളം വാർഫിലാണ് എത്തുന്നത്. ഈ സാഹചര്യത്തിലാണ് എറണാകുളം വാർഫിൽ പുതിയ ക്രൂയിസ് ടെർമിനൽ വിഭാവന ചെയ്തത്.

രാജ്യത്തെ സുപ്രധാന ക്രൂയിസ് ടൂറിസം കേന്ദ്രങ്ങളിലൊന്നായി കൊച്ചി തുറമുഖം ഇതിനകം വളർന്നിട്ടുള്ളതായി എ.വി.രമണ ചൂണ്ടിക്കാട്ടി. പ്രതിവർഷം 40 ൽ പരം ക്രൂയിസ് കപ്പലുകളാണ് കൊച്ചിയിലെത്തുന്നത്. ആയിരക്കണക്കിന് അന്താരാഷ്ട്ര ടൂറിസ്റ്റുകളാണ് ഇതുവഴി കേരളത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വികസനം ലക്ഷ്യമിട്ട് തുറമുഖ ട്രസ്റ്റ് ക്രൂയിസ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

ക്രൂയിസ് കപ്പലുകൾക്ക് ഒട്ടേറെ ഇളവുകൾ നൽകുന്ന പശ്ചാത്തലത്തിൽ തുറമുഖ ട്രസ്റ്റിന് ഇത്തരം കപ്പലുകൾ വന്നുപോകുന്നതു കൊണ്ട് കാര്യമായ സാമ്പത്തിക നേട്ടമില്ലെങ്കിലും അത് പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്കു നൽകുന്ന സംഭാവനകൾ കണക്കിലെടുത്താണ് ഈ മേഖലയിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ക്രൂയിസ് കപ്പലുകളിലെത്തുന്ന ഓരോ സഞ്ചാരിയും ഒരോ ദിവസവും ശരാശരി 400 ഡോളർ വീതം ഇവിടെ ചെലവഴിക്കുന്നതായാണ് കണക്ക്. ഇതുവഴി പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകുന്ന നേട്ടം ചില്ലറയല്ല. തദ്ദേശീയരായ കച്ചവടക്കാർക്ക് വാർഫിനുള്ളിൽ കിയോസ്കുകളും ചെറിയ കടകളും വളരെ കുറഞ്ഞ നിരക്കിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തുറമുഖമേഖലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി തുറമുഖ ട്രസ്റ്റിന് കേന്ദ്ര ടൂറിസം മന്ത്രാലയം ഏറെ സഹായങ്ങൾ ചെയ്യുന്നുണ്ട്. സാമുദ്രിക ക്രൂയിസ് പാസഞ്ചർ ഫെസിലിറ്റേഷൻ സെന്ററിന്റെ വികസനത്തിനായി അവർ 4.61 കോടി രൂപ നൽകി. ബിഒടി പാലത്തിനും വെല്ലിംഗ്ടൺ ഐലന്റിലെ കണ്ണങ്ങാട് പാലത്തിനും ഇടയിലുള്ള 2.1 കിലോമീറ്റർ നീളത്തുള്ള നടപ്പാത വികസനത്തിന് 9.01 കോടി രൂപയും ബിടിപി ബർത്തിന്റെ വികസനത്തിനായി 21.39 കോടി രൂപയും ഇത്തരത്തിൽ ലഭിച്ചിട്ടുണ്ട്. അടുത്തയിടെ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി തുറമുഖ ട്രസ്റ്റിന്റെ ആസ്ഥാനത്ത് എത്തിയിരുന്നു.

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്രൂയിസ് കപ്പലുകൾക്ക് വന്നടുക്കുന്നതിന് സബ്സിഡിയോടു കൂടിയ നിരക്ക് അടുത്തയിടെ ഏർപ്പെടുത്തുകയുണ്ടായി. അതുപോലെ തന്നെ ഇ വിസയിൽ ക്രൂയിസ് കപ്പലുകളിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ബയോമെട്രിക് എൻറോൾമെന്റ് ഒഴിവാക്കി പുറത്തിറങ്ങുന്നതിനുള്ള സൗകര്യവും ചെയ്തു.

വെള്ളക്കെട്ടിന് ശമനം

കാണാതായയാളുടെ മൃതദേഹം കടലിൽ കണ്ടെത്തി

അയ്യപ്പൻ

കൊച്ചി: മഴയുടെ ശക്തി കുറഞ്ഞതോടെ ജില്ലയുടെ വിവിധ മേഖലകളിലെ വെള്ളക്കെട്ടും ഒഴിവായിത്തുടങ്ങി. മഴക്കെടുതിയിൽ കഴിഞ്ഞ ദിവസം കാണാതായ രണ്ടു പേരിൽ ഒരാളുടെ മൃതദേഹം ഇന്നലെ കണ്ടെത്തി. ചേന്ദമംഗലം മുണ്ട്യാത്തോപ്പ് ഭാഗത്ത് പുഴയിൽ കാണാതായ പറവൂർ സ്വദേശി തൈക്കൂടത്തിൽ അയ്യപ്പ(79)ന്റെ മൃതദേഹമാണ് ഇന്നലെ രാവിലെ ചെറായി ബീച്ചിൽ കരിങ്കല്ലുകൾക്കിടയിൽ കണ്ടെത്തിയത്.

വ്യാഴാഴ്ച രാവിലെ മുതലാണു ഇയാളെ കാണാതായത്. അയ്യപ്പൻ ഉപയോഗിച്ചിരുന്ന വോക്കർ പുഴയുടെ തീരത്തുനിന്നു കണ്ടെത്തിയതിനെത്തുടർന്നു പുഴയിൽ തെരച്ചിൽ നടത്തിയെങ്കിലും മൃതദേഹം കണ്ടെത്താനായിരുന്നില്ല. പോസ്റ്റ്മോർട്ടം നടത്തിയശേഷം മൃതദേഹം സംസ്കരിച്ചു. ഭാര്യ: രംഭ. മക്കൾ: മിനൽ ബാബു, വിനീത്, സൈര, റിത. മരുമക്കൾ: ബാബുരാജ്, അമൃതരാജ്, മിനി, അമ്പിളി.

പിറവം ഓണക്കൂറിൽ ഉഴവൂർ തോട്ടിൽ കുളിക്കാനിറങ്ങി കാണാതായ ഏറ്റാംപുരിയിൽ(മറ്റത്തിൽ) ശങ്കരൻ നായരെ(75) ഇന്നലെയും കണ്ടെത്താനായില്ല.

മഴയും കടൽകയറ്റവും മൂലം ദുരിതത്തിലായ ചെല്ലാനം മേഖലയിലും വെള്ളക്കെട്ട് ഒഴിഞ്ഞു തുടങ്ങി. ചെല്ലാനം സെന്റ് മേരീസ് ഹൈസ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് ഇന്നലെ ഏതാനും കുടുംബങ്ങൾ തിരികെ വീടുകളിലേക്ക് മടങ്ങി.

കൊച്ചി നഗരത്തിലെ വെള്ളക്കെട്ടും ഒഴിവായിത്തുടങ്ങി. ഉദയ കോളനിയിലും പി ആൻഡ് ഡി കോളനിയിലും വെള്ളക്കെട്ട് മാറിയതിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലായിരുന്ന കുടുംബങ്ങൾ ഇന്നലെ വൈകിട്ടോടെ മടങ്ങിത്തുടങ്ങി.

ആലുവ മണപ്പുറത്തെ വെള്ളം താഴ്ന്നുതുടങ്ങിയെങ്കിലും പൂർണമായും ഒഴിവായിട്ടില്ല. വെള്ളം കയറിയതിനെ തുടർന്ന് മണപ്പുറവും പരിസരവും മാലിന്യം നിറഞ്ഞനിലയിലാണ്. പള്ളുരുത്തി, വെളി, ഇടക്കൊച്ചി എന്നിവടങ്ങളിലും വെള്ളക്കെട്ട് ഒഴിഞ്ഞു.

ക്യാമ്പുകളിൽ തുടരുന്നത് 3,261 പേർ

ജില്ലയിലെ മഴക്കെടുതി നേരിടുന്ന പ്രദേശങ്ങളിൽ 32 ക്യാമ്പുകളിലായി 3261 ഇപ്പോഴും തുടരുന്നു. മഴയുടെ ശക്തികുറഞ്ഞതിനാലും വെള്ളക്കെട്ടുകൾ ഒഴിവായതിനാലും ഇന്നലെ ചിലയിടങ്ങളിലെ ക്യാമ്പുകളിൽ നിന്ന് ആളുകൾ വീടുകളിലേക്ക് മടങ്ങിത്തുടങ്ങി. ഏറ്റവും കൂടുതൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നത് പറവൂർ താലൂക്കിലാണ്-18. കോട്ടുവള്ളി, കുന്നുകര, ആലങ്ങാട്, കരുമാല്ലൂർ, ഏലൂർ, കൊടുങ്ങല്ലൂർ, പുത്തൻവേലിക്കര എന്നിവിടങ്ങളിലെ ക്യാമ്പുകളിലായി 2500ൽ അധികം ആളുകളാണ് കഴിയുന്നത്. കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി, തിരുവാങ്കുളം, തൃക്കാക്കര, വാഴക്കാല, നടമ പ്രദേശങ്ങളിലെ പത്ത് ക്യാമ്പുകളിലായി 435 പേരും ഉണ്ട്. നെടുമ്പാശേരി പാറക്കടവ് മേഖലയിൽ നാലു ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

ആലുവ പാലസിൽ നടന്ന മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗിൽ ഡിസിപി ജി.എച്ച്. യതീഷ്ചന്ദ്രയെ വിസ്തരിച്ചപ്പോൾ.

ഐഎസി പ്ലാന്റ് സമരം

ലാത്തിച്ചാർജ് നടത്തിയില്ലെന്നു വിസ്താരവേളയിൽ യതീഷ്ചന്ദ്ര

ആലുവ: പുതുവൈപ്പിനിൽ ഐഒസി പ്ലാന്റിനെതിരേ പ്രതിഷേധസമരം നടത്തിയവരെ അകാരണമായി മർദിച്ചെന്ന പരാതിയിൽ തൃശൂർ ഡിസിപി. ജി.എച്ച്. യതീഷ്ചന്ദ്രയെ മനുഷ്യാവകാശ കമ്മീഷൻ വിസ്തരിച്ചു. ആലുവ പാലസിൽ ഇന്നലെ രാവിലെ നടന്ന സിറ്റിംഗിലാണ് ഒരു മണിക്കൂറിലധികം നേരം യതീഷ്ചന്ദ്രയെ വിസ്തരിച്ചത്.

പരാതിക്ക് ആസ്പദമായ സംഭവം നടക്കുമ്പോൾ യതീഷ്ചന്ദ്ര കൊച്ചി എസിപിയായിരുന്നു. സുരക്ഷാ ഭീഷണിയുണ്ടെന്ന രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമരത്തിനിടെ നടപടിയുണ്ടായതെന്നു യതീഷ്ചന്ദ്ര പറഞ്ഞു. രണ്ടായിരത്തോളം പേരാണ് പ്രതിഷേധവുമായി കൊച്ചി നഗരത്തിലെത്തിയത്. പിറ്റേന്ന് പ്രധാനമന്ത്രി പങ്കെടുക്കുന്ന ചടങ്ങ് നഗരത്തിൽ ഉണ്ടായിരുന്നു.

പ്രതിഷേധക്കാരിൽ ചിലർ പോലീസ് നിർദേശം അനുസരിക്കാതെ റോഡിൽ കിടന്നപ്പോൾ ലാത്തി വീശുകയാണുണ്ടായത്. ഇത് ലാത്തിച്ചാർജ് അല്ലെന്നും യതീഷ് ചന്ദ്ര പറഞ്ഞു. ചിത്രങ്ങളും ചാനലുകളിൽ വന്ന വാർത്തകളുടെ വീഡിയോകളും കാണിച്ചാണ് സമരസമിതി അഭിഭാഷകൻ വിസ്താരം നടത്തിയത്.

സമരസമിതി പ്രവർത്തകൻ സ്വാതിഷിനുനേരേ ലാത്തി പ്രയോഗിക്കുന്നതും മറ്റും ദൃശ്യങ്ങളിൽ ഉണ്ടായിരുന്നു. വിസ്താരം പൂർത്തായാക്കാത്തതിനാൽ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ആന്റണി ഡൊമനിക് സെപ്റ്റംബറിലേക്കു കേസ് മാറ്റി.

പോലീസ് അസോ. തെരഞ്ഞെടുപ്പ്

റൂറൽ ജില്ലയിൽ ഔദ്യോഗിക പക്ഷത്തിനു വിജയം

ആലുവ: കേരള പോലീസ് അസോസിയേഷൻ റൂറൽ ജില്ലാ തെരഞ്ഞെടുപ്പിൽ മത്സരം നടന്ന 22 സീറ്റുകളിൽ 15 ലും ഭരണപക്ഷ അനുകൂലികൾക്ക് വിജയം. ആകെയുള്ള 60 സീറ്റിൽ എതിരില്ലാത്തതിനാൽ 38ലും ഔദ്യോഗിക വിഭാഗം സ്ഥാനാർഥികൾ നേരത്തെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. കളമശേരി എആർ ക്യാമ്പിൽ 14 സീറ്റിൽ 13 എണ്ണം ഔദ്യോഗിക പക്ഷത്തിനാണ്. ആലുവയിൽ രണ്ടും കളമശേരി എആർ ക്യാമ്പ്, കുട്ടമ്പുഴ, ചെങ്ങമനാട്, ഊന്നുകൽ, വാഴക്കുളം എന്നീ സ്റ്റേഷനുകളിൽ ഒന്നും വീതം സീറ്റുകളിലാണ് എതിർ വിഭാഗത്തിന് സാന്നിധ്യം അറിയിക്കാനായത്.

ജില്ലാ പ്രസിഡന്റ് അബ്ദുൾ ജബ്ബാർ, സെക്രട്ടറി കെ.പി. പ്രവീൺ, ട്രഷറർ സനൽ, വൈസ് പ്രസിഡന്റ് ജയകുമാർ, ജോയിന്റ് സെകട്ടറി ജയശങ്കർ എന്നിവർ നേരത്തെ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

രാജഗിരി വിസ്ത 28ന്

കളമശേരി: രാജഗിരി പബ്ലിക് സ്കൂൾ സംഘടിപ്പിക്കുന്ന അന്തർ സ്കൂൾ കലോത്സവം രാജഗിരി വിസ്ത-2018 ഈ മാസം 28ന് നടക്കും. 14 ഇനങ്ങളിലായി നടത്തുന്ന വിവിധ മത്സരങ്ങളിൽ ഒന്നു മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കു പങ്കെടുക്കാം. നൃത്തം, സംഗീതം, സ്കിറ്റ്, ചിത്രരചന, പ്രശ്നോത്തരി തുടങ്ങിയ ഇനങ്ങളിലാണു മത്സരം. കൂടുതൽ വിവരങ്ങൾക്ക് rajagirips@gmail.com എന്ന ഇ മെയിൽ ഐഡിയിലോ 9995399986 എന്ന നമ്പറിലോ ബന്ധപ്പെടാം.

ദുരിതബാധിതർക്കു കൈത്താങ്ങായി ‘പ്രതിധ്വനി’

കൊച്ചി: മഴക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങുമായി കേരളത്തിലെ ഐടി ജീവനക്കാരുടെ ക്ഷേമസംഘടനയായ പ്രതിധ്വനി. ദുരിതബാധിതർക്കു സഹായമെത്തിക്കുന്നതിനായി സംഘടനയുടെ ആഭിമുഖ്യത്തിൽ ഇൻഫോപാർക്കിലെ എല്ലാ കെട്ടിടങ്ങളിലും നിത്യോപയോഗ സാധനങ്ങൾ നിക്ഷേപിക്കാൻ പെട്ടികൾ സ്ഥാപിച്ചു. ചൊവ്വാഴ്ചവരെ പെട്ടികളിൽ ഭക്ഷണവും മറ്റു നിത്യോപയോഗ സാധനങ്ങളും നിക്ഷേപിക്കാം. ഇങ്ങനെ ലഭിക്കുന്ന സാധനങ്ങൾ പ്രതിധ്വനി പ്രവർത്തകർ മഴക്കെടുതികൾ അനുഭവിക്കുന്നവർക്കു വിതരണം ചെയ്യും.

മത്സ്യവിപണന ശൃഖല തുടങ്ങുന്നു

കൊച്ചി: മത്സ്യ കർഷക വികസന സംഘത്തിന്റെ (എഫ്എഫ്ഡിഎസ്) വിപണന ശൃംഖലയുടെ ഉദ്ഘാടനം നാളെ ഉച്ചയ്ക്ക് ഒന്നിന് ചേരാനെല്ലൂരിൽ ഫിഷറീസ് മന്ത്രി മേഴ്സിക്കുട്ടിയമ്മ നിർവഹിക്കും. ആദ്യ ഔട്ട് ലൈറ്റ് കെ.വി. തോമസ് എംപിയും മത്സ്യ വിൽപന ഹൈബി ഈഡൻ എംഎൽഎയും ഉദ്ഘാടനം ചെയ്യും. ജൈവ പച്ചക്കറി വിൽപന ചലച്ചിത്ര താരം അനന്യ നിർവഹിക്കും.

മെമ്പർഷിപ്പ്കാർഡ് വിതരണം ഫിഷറീസ് ഡിഡി എസ് മഹേഷ് നിർവഹിക്കും. ജില്ലയിൽ ആദ്യഘട്ടത്തിൽ 25 ഔട്ട്ലെറ്റുകൾ ആണ് തുറക്കുന്നത്. മത്സ്യങ്ങളും ജൈവ പച്ചക്കറികളും ഇവിടെ ലഭ്യമാക്കാനാണ് തീരുമാനം. ഇടനിലക്കാരില്ലാതെ കർഷകൻ ഉപകാരപ്രദമാകുന്ന തരത്തിൽ ഉത്പന്നങ്ങൾ വിറ്റഴിക്കുകയെന്നതാണ് എഫ്എഫ്ഡിഎസിന്റെ ലക്ഷ്യമെന്നു സെക്രട്ടറി ഷാജി ജോസ് പറഞ്ഞു. വർഗീസ് ഇട്ടനും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

അഡാക്ക് ഞാറയ്ക്കൽ ട്രെയിനിംഗ് സെന്റർ 22ന്

കൊച്ചി: ജലകൃഷി വികസന ഏജൻസി (അഡാക്ക്) ഞാറയ്ക്കൽ അക്വാകൾചർ ട്രെയിനിംഗ് സെന്റർ ഉദ്ഘാടനം 22ന് രാവിലെ 11ന് മന്ത്രി മേഴ്സിക്കുട്ടിയമ്മ നിർവഹിക്കും. എസ്. ശർമ എംഎൽഎ അധ്യക്ഷത വഹിക്കും. കെ.വി. തോമസ് എംപി മുഖ്യാതിഥിയായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശ സനിൽ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷിൽഡ റിബേരോ, ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്ത് റോസ്മേരി ലോറൻസ് തുടങ്ങിയവർ പങ്കെടുക്കും.

സിൽക്ക് മാർക്ക് എക്സ്പോ കൊച്ചിയിൽ തുടങ്ങി

കൊച്ചി: സിൽക്ക് മാർക്ക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന സിൽക്ക് മാർക്ക് എക്സ്പോയ്ക്ക് കലൂർ റിനൈ ഇവന്റ് ഹബിൽ തുടക്കമായി. കൊച്ചി മേയർ സൗമിനി ജെയിൻ ഉദ്ഘാടനം നിർവഹിച്ചു. സിൽക്ക് മാർക്ക് ഉപഭോക്താക്കളെ പരിചയപ്പെടുത്തുന്നതിനും ബോധവത്കരിക്കുന്നതിനുമായാണ് എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 42 സ്റ്റാളുകൾ എക്സ്പോയിൽ ഒരുക്കിയിട്ടുണ്ട്. 25 വരെ രാവിലെ 11 മുതൽ രാത്രി എട്ട് വരെയാണ് എക്സ്പോ. കേന്ദ്ര സിൽക്ക് ബോർഡ് ചെയർമാൻ ഹനുമന്ത രായപ്പ, സിൽക്ക് മാർക്ക് സിഇഒ കെ.എസ് ഗോപാൽ, സെൻട്രൽ സിൽക്ക് ബോർഡ് ജോയിന്റ് സെക്രട്ടറി മോൻസി, സിൽക്ക് മാർക്ക് ഡെപ്യൂട്ടി ഡയറക്ടർ വൈ.എസ് . റാവു, എ. സുബ്ബരാജ്, ഗോവിന്ദാചാരി, ഡോ. മമത ശർമ എന്നിവർ ഉദ്ഘാടനച്ചടങ്ങിൽ സന്നിഹിതരായിരുന്നു.

സിൽക്ക് മാർക്ക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ കലൂർ റിനൈ ഇവന്റ് ഹബിൽ സംഘടിപ്പിച്ചിട്ടുള്ള സിൽക്ക് മാർക്ക് എക്സ്പോ ഉദ്ഘാടനം ചെയ്ത ശേഷം സ്റ്റാളുകൾ നോക്കിക്കാണുന്ന മേയർ സൗമിനി ജെയിൻ.

FEDERAL BANK
YOUR PERFECT BANKING PARTNER

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് രജി.ഓഫീസ് : പി.ബി. നമ്പർ 103, ഫെഡറൽ ടവേഴ്സ്, ആലുവ
കേരള, ഇന്ത്യ - 683101, ഫോൺ : 0484-2622263, ഫാക്സ് : 0484 - 2623119
ഇ-മെയിൽ: secretarial@federalbank.co.in, വെബ് സൈറ്റ്: www.federalbank.co.in CIN: L65191KL1931PLC000368

ഓഹരി ഉടമകൾക്കുള്ള നോട്ടീസ്

വാർഷിക പൊതുയോഗം ബുക്ക് ക്ലോഷർ, ഇലക്ട്രോണിക് വോട്ടിങ്ങ് എന്നിവ സംബന്ധിച്ചുള്ള നോട്ടീസ്

ഫെഡറൽ ബാങ്കിന്റെ 87-ാമത് ഓഹരി ഉടമകളുടെ വാർഷിക പൊതുയോഗം (AGM) 10 ഓഗസ്റ്റ് 2018 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആലുവ മഹാത്മാഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് നടക്കുമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ജൂലൈ 18, 2018ന് ഓഹരി ഉടമകൾ ഓരോരുത്തർക്കും പ്രത്യേകം അയച്ച ഇ-മെയിലിലും, നോട്ടീസിലും, ബാങ്കിന്റെ വെബ്സൈറ്റായ www.federalbank.co.in-ലും എൻ.എസ്.ഡി.എൽ (NSDL) വെബ്സൈറ്റിലും (www.nsdl.co.in) ആയി പരാമർശിച്ചുട്ടുള്ള കാര്യപരിപാടികളുടെ നടത്തിപ്പിനായാണ് പൊതുയോഗം സംഘടിപ്പിച്ചിരിക്കുന്നത്.

ഡെപ്പോസിറ്ററി പാർട്ടിസിപ്പൻസിലോ ബാങ്കിന്റെ രജിസ്ട്രാറും ട്രാൻസ്ഫർ ഏജന്റുമായ M/s ഇന്റഗ്രേറ്റഡ് റജിസ്ട്രി മാനേജ്മെന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡിലോ, ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക്, വാർഷിക പൊതുയോഗത്തിന്റെ നോട്ടീസും വാർഷിക റിപ്പോർട്ടും ഹാജർ സ്ലിപ്പും ഇലക്ട്രോണിക് സംവിധാനങ്ങൾ മുഖേന അയച്ചിട്ടുണ്ട്. കൂടാതെ, ബാങ്കിന്റെ വെബ്സൈറ്റിലെ 'ഷെയർ ഹോൾഡേഴ്സ് ഇൻഫോർമേഷൻ സെക്ഷനിലും' ഈ വിവരങ്ങൾ ലഭ്യമാണ്. മറ്റുള്ള ഓഹരി ഉടമകൾക്ക് അനുവദനീയമായ സംവിധാനങ്ങൾ വഴി മേൽപറഞ്ഞ രേഖകളുടെ ഫിസിക്കൽ പകർപ്പുകൾ അയച്ചു കൊടുത്തിട്ടുണ്ട്.

വാർഷിക പൊതുയോഗത്തിനും ലാഭവിഹിതം പ്രഖ്യാപിക്കുന്നതിനും വേണ്ടി കമ്പനി നിയമം 2013 സെക്ഷൻ 91 പ്രകാരവും സെബി (ലിസ്റ്റിങ്ങ് ഒബ്ലിഗേഷൻസ് ആന്റ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റഗുലേഷൻ 2015ലെ, റഗുലേഷൻ 42 പ്രകാരവും, ബാങ്കിന്റെ ഓഹരി ഉടമകളുടെ രജിസ്റ്ററും ഷെയർ ട്രാൻസ്ഫർ ബുക്കും 04 ഓഗസ്റ്റ് 2018 മുതൽ 10 ഓഗസ്റ്റ് 2018 വരെ ക്ലോസ് ചെയ്യുന്നതായിരിക്കും.

സെബി (ലിസ്റ്റിങ്ങ് ഒബ്ലിഗേഷൻസ് ആന്റ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്)റഗുലേഷൻസ് 2015ലെ, റഗുലേഷൻ 44 പ്രകാരവും, കമ്പനി നിയമം 2013 സെക്ഷൻ 108 അതോടൊപ്പം ചേർത്ത് വായിക്കേണ്ട റൂൾ 20, കമ്പനീസ് (മാനേജ്മെന്റ് - അഡ്മിനിസ്ട്രേഷൻ) റൂൾസ് 2014നും ആസ്പദമായി വാർഷിക പൊതുയോഗത്തിലെ കാര്യപരിപാടി സംബന്ധമായ വിഷയങ്ങളുടെ നടത്തിപ്പിനായി, ബാങ്ക് NSDLന്റെ ഇ-വോട്ടിങ്ങ് പ്ലാറ്റ്ഫോമിലൂടെ ഇലക്ട്രോണിക് വോട്ടിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 07 ഓഗസ്റ്റ് 2018 ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഇ-വോട്ടിങ്ങ് മൊഡ്യൂളിന്റെ പ്രവർത്തനം 09 ഓഗസ്റ്റ് 2018 വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതാണ്. 09 ഓഗസ്റ്റ് 2018 വ്യാഴാഴ്ച 5 മണിക്ക് ശേഷം ഇ-വോട്ടിങ്ങ് സംവിധാനം ലഭ്യമാകുന്നതല്ല.

മെമ്പർമാരുടെ രജിസ്റ്ററിലോ ഡെപ്പോസിറ്ററികളുടെ കൈവശമുള്ള ബെനിഫിഷ്യൽ ഓണർമാരുടെ രജിസ്റ്ററിലോ, 03 ഓഗസ്റ്റ് 2018ന് പേര് രേഖപ്പെടുത്തിട്ടുള്ള ഓഹരി ഉടമകൾക്കു മാത്രമേ റിമോട്ട് ഇ-വോട്ടിങ്ങ് സംവിധാനം പ്രയോജനപ്പെടുത്തുവാനോ, AGMന്റെ വേദിയിൽ നേരിട്ട് ഹാജരായി ബാലറ്റ് പേപ്പർ വഴി മീറ്റിങ്ങിൽ വോട്ട് ചെയ്യുവാനോ അവകാശം ഉണ്ടായിരിക്കുകയുള്ളു. വാർഷിക പൊതുയോഗത്തിനായുള്ള നോട്ടീസ് അയച്ചതിനു ശേഷം ബാങ്കിന്റെ ഓഹരികൾ 03 ഓഗസ്റ്റ് 2018-നകം കൈവശമാക്കുന്ന അംഗങ്ങൾക്ക് ഇ-വോട്ടിങ്ങിനു വേണ്ടി evoting@nsdl.co.in/ secretarial@federalbank.co.in/ csdstd@integratedindia.in ലേക്ക് അപേക്ഷ അയച്ച് ലോഗിൻ ഐഡിയും പാസ്‌വേർഡും ലഭിക്കാവുന്നതാണ്. റിമോട്ട് ഇ-വോട്ടിങ്ങ് സംവിധാനം ഉപയോഗപ്പെടുത്തിയ ഓഹരി ഉടമകൾക്ക് പൊതു യോഗത്തിൽ പങ്കെടുക്കാമെങ്കിലും, മീറ്റിങ്ങിൽ വീണ്ടും വോട്ട് ചെയ്യാൻ അനുവദിക്കുന്നതല്ല.

റിമോട്ട് ഇ-വോട്ടിങ്ങ് മുഖേന വോട്ട് രേഖപ്പെടുത്തിയിട്ടില്ലാത്ത ഓഹരി ഉടമകൾക്ക് പൊതുയോഗത്തിൽ ബാലറ്റ് പേപ്പർ മുഖേന വോട്ട് രേഖപ്പെടുത്താവുന്നതാണ്. ഇ-വോട്ടിങ്ങ് സംബന്ധിച്ച നിർദ്ദേശങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ വാർഷിക പൊതുയോഗ നോട്ടീസിൽ ഇലക്ട്രോണിക് സാങ്കേതിക രീതികളിലൂടെയുള്ള വോട്ടിങ്ങിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ള **നോട്ട് No.V** ഓഹരി ഉടമകൾക്ക് പരിശോധിക്കാവുന്നതാണ്. ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെയുള്ള ഇ-വോട്ടിങ്ങ് സംബന്ധിച്ചുട്ടുള്ള സംശയങ്ങൾ/ വിവരങ്ങൾ/ പരാതികൾക്ക് ശ്രീ. കെ. ബാലസുബ്രമണ്യൻ, ഡെപ്യൂട്ടി ജനറൽ മാനേജർ, ഇന്റഗ്രേറ്റഡ് റജിസ്ട്രി മാനേജ്മെന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്റ് ഫ്ളോർ, കെൻസസ് ടവർ, നമ്പർ1, രാമകൃഷ്ണ സ്ട്രീറ്റ്, നോർത്ത് ഉസ്മാൻ റോഡ്, ടീ നഗർ, ചെന്നൈ - 600 017, ഫോൺ: 044-28140801, 28140802, ഇ-മെയിൽ csdstd@integratedindia.in-ലേക്ക് അയക്കുകയോ NDSLന്റെ ടോൾ ഫ്രീ നമ്പർ 1800-222-990ലേക്ക് വിളിക്കുകയോ ചെയ്യാവുന്നതാണ്. ഇ-വോട്ടിങ്ങും ബാലറ്റ് പേപ്പർ മുഖേനയും ചെയ്ത വോട്ടിങ്ങിന്റെ സംയോജിത ഫലം വാർഷിക പൊതുയോഗത്തിനു ശേഷമുള്ള സമയപരിധിക്കുള്ളിൽ ബാങ്ക് അതിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും, സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതുമായിരിക്കും.

ആലുവ
20 ജൂലൈ 2018

ഗിരീഷ് കുമാർ ജി
കമ്പനി സെക്രട്ടറി

E1807-378264